## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2272** **11.03.2020-ൽ മറുപടിക്ക്**

### മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതി

ചോദ്യം
ശ്രീ.സണ്ണി ജോസഫ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതിയുടെ ഭാഗമായി കിഫ്ബി വഴി എന്തെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ; | എ) & ബി) | മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ അപ് ലോഡ് ചെയ്യുന്ന പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവർത്തികൾ SPV ആയ KIIDC വഴി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്നും നാളിതുവരെ തുകകളൊന്നും അനുവദിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| സി) | പ്രസ്തുത പദ്ധതിയിൽ കിഫ്ബിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ സ്ഥാപനം ക്രമക്കേടുകൾ നടത്തിയതായി കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | സി) & ഡി) | ജി.ഒ (ആർ ടി) നം.23/2020/ടൂറിസം തീയതി 20/01/2020 സർക്കാർ ഉത്തരവിലൂടെ പ്രസ്തുത പദ്ധതിയുടെ SPV ആയിരുന്ന M/s INKEL നെ മാറ്റികൊണ്ട് കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) SPV ആയി നിയമിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ വിനോദസഞ്ചാര വകുപ്പിൽ ലഭ്യമല്ല. |
| ഡി) | എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് അവർ നടത്തിയതെന്നും ഇതുമൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്നും വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ